# Mathrubhumi

# 23 August 2018

# Angamaly, After Flood, Cleaning

## വീട് ശുചീകരണത്തിനായി കന്യാസ്ത്രീകളും

പ്രളയത്തിൽ മുങ്ങിയവർക്ക് കൈത്താങ്ങായി കന്യാസ്ത്രീകളും. അങ്കമാലി വേങ്ങൂർ സാൻജോ ഭവനിലെ 12 കന്യാസ്ത്രീകളാണ് വെള്ളപ്പൊക്കത്തിൽ എല്ലാം നശിച്ചവരുടെ വീടുകളിലെത്തി സേവനം നടത്തുന്നത്. അങ്കമാലിയിൽ പ്രളയത്തിൽ കൂടുതൽ വീടുകൾ മുങ്ങിയ വേങ്ങൂർ അംബേദ്കർ കോളനിയിൽ രണ്ട് ദിവസമായി ഈ ദൈവദാസികൾ സേവനത്തിനായുണ്ട്.

വീട് ശുചീകരണമാണ് പ്രധാനമായും നടത്തുന്നത്. ഈ കോളനിയിൽ 125 വീട്ടുകാരുണ്ട്. പട്ടികജാതി കുടുംബങ്ങളാണ് അധികവും. ചേരാമ്പിള്ളി തങ്കമ്മയുടെ വീട്ടിൽ കന്യാസ്ത്രീകൾ എത്തിയപ്പോൾ വീടനകത്ത് പൂച്ച ചത്ത് ചീഞ്ഞളിഞ്ഞ് കിടക്കുകയാണ്. 75 വയസ്സുള്ള, രോഗിയായ തങ്കമ്മയും മനോവൈകല്യമുള്ള മകളും മാത്രമാണ് ഈ വീട്ടിലുള്ളത്.

വീട്ടിൽ വെള്ളം കയറിയപ്പോൾ തങ്കമ്മയും മകളും വിശ്വജ്യോതി സ്കൂൾ ക്യാമ്പിലേക്കു പോയിരുന്നു. ചൊവ്വാഴ്ച തിരിച്ചെത്തിയെങ്കിലും വീട് നിറയെ മാലിന്യം നിറഞ്ഞുകിടക്കുകയായിരുന്നു. ശുചീകണം നടത്താൻ തങ്കമ്മയ്ക്ക് ആവതില്ല. ബുധനാഴ്ച കന്യാസ്ത്രീകൾ ശുചീകരണത്തിനായി എത്തിയതോടെ തങ്കമ്മയ്ക്ക് ആശ്വാസമായി.

ഒപ്പം നാട്ടുകാരും ശുചീകരണത്തിൽ പങ്കാളികളായി. വീടിനകത്തു നിന്ന് വെള്ളം പൂർണമായും ഒഴിഞ്ഞിട്ടുണ്ടായിരുന്നില്ല. കോളനി നിവാസികൾക്ക് കന്യാസ്ത്രീകൾ ഉച്ചഭക്ഷണവും എത്തിച്ചു നൽകി.

